രക്ഷയുടെ പാതയിൽ-3



3

# ജീവദാതാവായ ദൈവം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 8

# കല്പനകളുടെ ലംഘനം : പാപം



ഇസ്രായേൽക്കാർ ദൈവകല്പനകൾ പാലിച്ചുകൊള്ളാമെന്ന്
പറഞ്ഞെങ്കിലും മോശ മലയിൽ പോയി തിരിച്ചുവന്നപ്പോൾ
അവർ സ്വർണ്ണംകൊ് കാളക്കുട്ടിയെ നിർമിച്ചു അതിനുചുറ്റും
നൃത്തംചെയ്ത് അതിനെ ആരാധിക്കുന്നതാണ് കത്.
അങ്ങനെ അവർ വിഗ്രഹാരാധന നടത്തി ദൈവത്തിന്റെ
ആദ്യകല്പനതന്നെ ലംഘിച്ചു.



പാപം ചെയ്യുന്നവൻ ദൈവത്തിന്റെ കല്പനകൾ ലംഘിക്കുന്നു

(യോഹന്നാൻ 3:4).

എന്തെന്നാൽ, പാപം ദൈവകല്പനകളുടെ ലംഘനമാണ്.

ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും

(യോഹന്നാൻ 15:10).

ദൈവം നല്കിയ പത്തുകല്പനകളെ 2 കല്പനകളായി സംഗ്രഹിക്കാം.

എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കുക,

തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക.





ദൈവകല്പനകൾ ലംഘിക്കുവാനുള്ള പ്രേരണകൾ നമുക്ക് ഉാകാം. ആ പ്രേരണകളെയാണ് പ്രലോഭനങ്ങൾ എന്നു പറയുന്നത്.

**നിങ്ങൾ പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ.**

(ലൂക്കാ 22:46).



ഈശോ പറഞ്ഞതുപോലെ പ്രാർത്ഥനയിലൂടെ ശക്തിനേടിയാൽ അതുവഴി സാത്താനെയും അവന്റെ പ്രലോഭനങ്ങളെയും എതിർത്തു തോല്പിക്കുവാൻ നമുക്കു കഴിയും.



# നമുക്കു പ്രാർത്ഥിക്കാം



പിതാവിന്റെ കല്പനകൾ  പാലിച്ച
ഈശോയെ, കല്പനകൾ പാലിച്ചു കൊ്
അങ്ങയെ സ്നേഹിക്കുവാൻ
ഞങ്ങളെ സഹായിക്കണമേ.

# നമുക്കു പാടാം



നേരായ പാതേ നടന്നീടുവാൻ
സന്തോഷചിത്തരായ് ജീവിക്കുവാൻ
സ്നേഹസ്വരൂപനാം നല്ല ദൈവം
തന്നല്ലോ ഞങ്ങൾക്ക് കല്പനകൾ.

കല്പനകൾ നിത്യം പാലിച്ചീടിൽ
തിന്മയെ എന്നും ചെറുത്ത് നില്ക്കാം
പ്രാർത്ഥിച്ചാൽ നമ്മളും ശക്തരാകും
സാത്താനെ തോല്പിക്കാൻ പ്രാപ്തരാകും.

# എന്റെ തീരുമാനം

**എന്റെ ജീവിതത്തിലുാകുന്ന പ്രലോഭനങ്ങളെ ഈശോയെപ്പോലെ പ്രാർത്ഥനയുടെ ശക്തിയാൽ ഞാൻ ചെറുത്തു തോല്പിക്കും.**



Thank you